## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5113 — 24.10.2011-ൽ മറുപടിയ്ക്ക്

### ഫാർമസിസ്റ്റുകളുടെ കുറവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.അച്യുതൻ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) 1961-ലെ സ്റ്റാഫ് പാറ്റേൺ (ജി.ഒ.(എം.എസ്)3150/61/ഹെൽത്ത്, 2.8.61) അനുസരിച്ചും 2008-ലെ സ്റ്റാന്റൈഡൈസേഷൻ ഉത്തരവ് (568/08/ആ.കു.വ/ 6.11.2008) പ്രകാരവും ഓരോ ജില്ലയിലും എത്ര ഫാർമസിസ്റ്റുമാരുടെ കുറവുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭിക്കുമോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) 1961 ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് പാലക്കാട് ജില്ലയിലെ കോട്ടത്തറ ട്രൈബ്യൂണൽ സ്പെഷ്യാലിറ്റി ആശുപത്രി കളൊഴികെ എല്ലാ സർക്കാർ ആശുപത്രികളിലും ഫാർമസിസ്റ്റ് തസ്തിക നിലവിലുണ്ട്. സ്റ്റാന്റൈഡൈസേഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫാർമസിസ്റ്റുകളുടെ തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. |
| (ബി) മേൽ പറഞ്ഞ ഉത്തരവു പ്രകാരം ഡി.എം. ഇ യുടെ കീഴിൽ വരുന്ന മെഡിക്കൽ കോളേജുകളിൽ എത്ര ഫാർമസിസ്റ്റുകളുടെ കുറവുണ്ടെന്നും ഓരോ മെഡിക്കൽ കോളേജിലും ഒ.പി. സ്ട്രെംങ്ത്, ബെഡ് സ്ട്രെംങ്ത് എന്നിവയുടെ അടിസ്ഥാനത്തിൽ കുറവുള്ള ഫാർമസിസ്റ്റിന്റെ എണ്ണം എത്ര എന്നും ഈ കുറവ് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ: | (ബി) വിവരം ശേഖരിച്ച് വരുന്നു. |
| (സി) സ്റ്റാഫ് പാറ്റേൺ കാലോചിതമായി പുതുക്കി നിശ്ചയിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയത് എപ്പോൾ മുതൽ നടപ്പിലാക്കും എന്ന് അറിയിക്കുമോ; | (സി) ഇല്ല. |
| (ഡി) കഴിഞ്ഞ 10 വർഷത്തിനകം ആശുപത്രികളുടെ ഗ്രേഡുകൾ ഉയർത്തിയതിന് ആനുപാതികമായി ഓരോ ജില്ലയിലും എത്ര ആശുപത്രികളിൽ ഫാർമസിസ്റ്റ് തസ്തിക അനുവദിച്ചിട്ടുണ്ട്; ഫാർമസിസ്റ്റുകളുടെ കുറവ് എപ്പോൾ പരിഹരിക്കുമെന്നും വ്യക്തമാക്കാമോ? | (ഡി) കഴിഞ്ഞ 11 വർഷത്തിനകം ഫാർമസിസ്റ്റുകളുടെ തസ്തിക സൃഷ്ടിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു കൊല്ലം -1 താലൂക്ക് ആശുപത്രി ശാസ്താംകോട്ട, മലപ്പുറം -1 ഫിഷറീസ് ഡിസ്പെൻസറി , പരപ്പനങ്ങാടി. കണ്ണൂർ -2 , ഇ.കെ.നായനാർ മെമ്മോറിയൽ ഡബ്ല്യു & സി ഹോസ്പിറ്റൽ, മങ്ങാട്ടുപറമ്പ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ